**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3380** **26-06-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി തസ്തികകളിലേക്ക് പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എച്ച്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി തസ്തികകളിലേക്ക്(വിവിധ വിഷയങ്ങൾ), കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ എത്ര പ്രൈമറി അദ്ധ്യാപകർക്ക് ഈ വർഷം സ്ഥാനക്കയറ്റം ലഭിക്കുമെന്നും ഇതിൽ എത്ര യു.പി.എസ്.റ്റി. അദ്ധ്യാപകർ ഉണ്ടെന്നും അറിയിക്കാമോ; വിവിധ വിഷയങ്ങളിൽ നിലവിലുള്ള പ്രൊമോഷൻ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **എച്ച്.എസ്.റ്റി കോർ വിഷയങ്ങളിലും, ഭാഷാവിഷയങ്ങളിലും നിലവിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകൾ നീക്കിവെച്ചിട്ടില്ലാത്തതിനാൽ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. എച്ച്.എസ്.എസ്.റ്റി തസ്തികകളിലേക്ക് തസ്തികമാറ്റനിയമനം വഴി ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എച്ച്.എസ്.എ, യു.പി.എസ്.എ, എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും യോഗ്യരായവർക്ക് തസ്തികമാറ്റ നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടത്തുവാൻ നടപടി സ്വീകരിച്ചു വരികയാണ്. ഹയർ സെക്കന്ററി നിയമനം സംസ്ഥാനതലത്തിലായതിനാൽ ഈ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനത്തിനായി യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സംസ്ഥാനതലത്തിലുള്ള സീനിയോരിറ്റി അടിസ്ഥാനമാക്കി, സംസ്ഥാനതലത്തിൽ ഒഴിവുള്ള സ്കൂളുകളിലേയ്ക്കാണ് നിയമനം നൽകുന്നത്. ജില്ല തിരിച്ചുള്ള സീനിയോറിറ്റി കണക്കാക്കാത്തതിനാൽ കോട്ടയം ജില്ലയിലെ എത്ര യു.പി.എസ്.ടി മാർക്ക് എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്ക് തസ്തികമാറ്റനിയമനം നൽകാൻ സാധിക്കുമെന്നു കണക്കാക്കാൻ കഴിയുകയില്ല.** |
| (ബി) | കോട്ടയം ജില്ലയിലെ പി.ടി.എം. ജി.എച്ച്.എസ്. വെള്ളൂരിൽ നിന്നുള്ള യു.പി.എസ്.റ്റി. അദ്ധ്യാപകന്റെ അന്യത്ര സേവനം എന്ന് അവസാനിക്കുമെന്ന് വിശദമാക്കാമോ; ഈ ഒഴിവ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | **കോട്ടയം ജില്ലയിലെ പി.ടി.എം. ജി.എച്ച്.എസ്.എസ്, വെള്ളൂർ സ്കൂളിലെ യു.പി.എസ്.റ്റി ആയിരുന്ന ശ്രീ.ജോർജ്ജ് ഏബ്രഹാം-ന് സ.ഉ(സാധാ) നം.4788/2018/പൊ.വി.വ. തീയതി 16/11/2018 പ്രകാരം ഡയറ്റിൽ ലക്ചറർ തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ നിയമനം ലഭിക്കുകയും ടിയാൾ 22/11/2018 ന് സ്കൂളിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ്. ടിയാളുടെ അന്യത്ര സേവനം 22/11/2023 ൽ അവസാനിക്കേണ്ടതാണ്. എന്നാൽ ടിയാൾ ഉൾപ്പെടെ ഇപ്രകാരം നിയമിക്കപ്പെട്ട** |

| | | | |
|---|---|---|---|
| | | | **അദ്ധ്യാപകർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA - 60/2024 തീയതി 02/04/2024 ലെ സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും അന്യത്രസേവനത്തിൽ തുടരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം ടി ഒഴിവിൽ താൽക്കാലിക നിയമനം മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളു.** |

സെക്ഷൻ ഓഫീസർ